**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ആരോഗ്യസംരക്ഷണത്തിനായി വിഭാവനം ചെയ്ത സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; എന്തൊക്കെ സഹായങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി .<br><br>ടി പദ്ധതിയിലൂടെ നിർദ്ധനരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യത്തിൽ രോഗിയുടെ ജീവൻ രക്ഷിക്കുന്നതിനായി സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വരികയാണെങ്കിൽ പ്രസ്തുത ചികിത്സയ്ക്കായി ചെലവാകുന്ന തുക സർക്കാർ അനുമതിയോടെ അപേക്ഷകർക്ക് അനുവദിച്ചു നൽകി വരുന്നുണ്ട്. കൂടാതെ ഏക വരുമാനദായകന് മരണം സംഭവിച്ചാൽ ഉള്ള ആനുകൂല്യം, ട്രൈബൽ പാരാമെഡിക്സ് ട്രെയിനി പദ്ധതി, മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, ഒ.പി. ക്ലിനിക്കുകൾ, ആയുർവേദ ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനം, ഊരിന്റെ താരാട്ട്, ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് വയനാട് എന്നീ പദ്ധതികളും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br><br>നടപ്പ് സാമ്പത്തിക വർഷം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിക്കായി വിഭാവനം ചെയ്തിരിക്കുന്ന 2225-02-282-91 ശീർഷകത്തിൽ 32 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 19 കോടി രൂപ നിലവിൽ ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം 14800 പേർക്ക് ടി പദ്ധതി പ്രകാരം ചികിത്സാ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പട്ടികവർഗ്ഗ വകുപ്പ് മുഖേന നടത്തിവരുന്ന ഫുഡ് സപ്പോർട്ട് പ്രോഗ്രാമിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | **മൺസൂൺ, പ്രകൃതി ക്ഷോഭങ്ങൾ, അത്യാഹിതങ്ങൾ തുടങ്ങി പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ അവർക്ക് പോഷകാഹാരവും ഭക്ഷ്യ സുരക്ഷയും ഉറപ്പ് വരുത്തി പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാര കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗ മേഖലയിൽ വ്യക്തമായ മാർഗ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഫുഡ് സപ്പോർട്ട് പദ്ധതി. അട്ടപ്പാടി മേഖലയിൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നടപ്പുവർഷം 20 കോടി രൂപ വകയിരുത്തിയതിൽ 17 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.** |
| (സി) | പട്ടികജാതി വിഭാഗക്കാർക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ വിശദാംശവും പുരോഗതിയും അറിയിക്കാമോ; | (സി) | **അനുബന്ധം - 1 ആയി ചേർക്കുന്നു.** |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് സ്പോർട്സ് രംഗത്ത് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനും സ്പോർട്സ് അടിസ്ഥാന സൗകര്യവികസനത്തിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഏതൊക്കെ പദ്ധതികൾ പരിഗണനയിലുണ്ടെന്നും അവയിലേതൊക്കെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ഡി) | **അനുബന്ധം - 2 ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

2022-23 ൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകരെ ശരിയായ മാർഗ്ഗനിർദ്ദേശം, പരിശീലനം, സാമ്പത്തിക സഹായം, ശരിയായ മാനേജ്മെന്റ് പിന്തുണ എന്നിവ നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനായി 'Empowerment Societies for SC Youth' എന്ന പേരിൽ ഒരു പദ്ധതി അവതരിപ്പിച്ചു

2010ന് ശേഷം നിർമ്മിച്ചതും സാങ്കേതികമായി പൂർത്തിയായതും എന്നാൽ ഇതുവരെ പൂർത്തിയാകാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾ, പൂർത്തീകരണം, നവീകരണം എന്നിവയ്ക്കായി സേഫ് (സെക്യൂർ അക്കോമഡേഷൻ & ഫെസിലിറ്റി എൻഹാൻസ്മെന്റ്) എന്ന പുതിയ പദ്ധതി ആരംഭിച്ചു. ഈ പദ്ധതി പ്രകാരം, ഭവന പുനരുദ്ധാരണത്തിന് 2 ലക്ഷം രൂപ അനുവദിക്കുന്നു.

ജനപ്രതിനിധികളുടെയും, വിവിധ വകുപ്പുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ, ദുർബലരായ ജനങ്ങളെ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുന്നതിനായി 'ഹോം' (ഹൗസ്ഹോൾഡ് ഓറിയന്റഡ് മൈക്രോ പ്ലാനിംഗ് ഫോർ എംപവർമെന്റ്) എന്ന പേരിൽ ഒരു കുടുംബാധിഷ്ഠിത മൈക്രോ-ലെവൽ പ്ലാനിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ട്

തൊഴിൽ പരിശീലനം, നൈപുണ്യ വികസനം, സർക്കാർ സംവിധാനവുമായുള്ള സമ്പർക്കം എന്നിവയിലൂടെ പട്ടികജാതിക്കാർക്ക് വിവിധ സർക്കാർ വകുപ്പുകളിൽ 2 വർഷത്തെ കാലയളവിൽ വിലപ്പെട്ട പ്രവൃത്തി പരിചയം നേടാനുള്ള അവസരം നൽകുന്നതിനായി ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) സംരംഭം രൂപകൽപ്പന ചെയ്തിട്ടുണ്ട്.

5 മുതൽ 14 വരെ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിലെ കുറവ് പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണ് ഐശ്വര്യ ഗ്രാമം പദ്ധതി. കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത, ശുചിത്വ സൗകര്യങ്ങൾ, മാലിന്യ സംസ്കരണം, ഇന്റർനെറ്റ് കണക്ടിവിറ്റി, പഴകിയ വീടുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു.

നിലവിൽ പ്രവർത്തിക്കുന്ന പട്ടികജാതി നാനോ/മൈക്രോ സംരംഭങ്ങളുടെ വികസനവും സാമ്പത്തിക സ്ഥിരതയും ലക്ഷ്യമിടുന്ന പദ്ധതിയാണ് സമൃദ്ധി കേരളം. 5 ലക്ഷം രൂപ വരെ (ആവശ്യാനുസരണം 10 ലക്ഷം രൂപ വരെ) ടേം ലോൺ അല്ലെങ്കിൽ വർക്കിംഗ് ക്യാപിറ്റൽ ലോൺ അനുവദിക്കും. 3% വാർഷിക പലിശ നിരക്കിലോ അല്ലെങ്കിൽ 20% വരെ ഫ്രണ്ട്-എൻഡഡ് സബ്സിഡിയായോ (പരമാവധി 2 ലക്ഷം രൂപ) സഹായം ലഭിക്കും. വായ്പാ കാലാവധി 4 മുതൽ 7 വർഷം വരെയാണ്. തെരഞ്ഞെടുത്ത സംരംഭകർക്ക് രണ്ട് വർഷം മെന്ററിംഗ് പിന്തുണയും നൽകുന്നു. വനിതാ സംരംഭകർക്ക് മുൻഗണന നൽകുന്നു.

<u>അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 25 ഓ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ ഗ്രാമങ്ങളെ ബഹു.എം.എൽ.എ മാരുടെ ശിപാർശ പ്രകാരം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾ ചെയ്തു വരുന്നു.

<u>അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.</u>

| അംബേദ്കർ ഗ്രാമ വികസന പദ്ധതി<br>(2016-17 to 2020-21) | | | | | | | |
|---|---|---|---|---|---|---|---|

| ക്രമ നമ്പർ | ജില്ല | തിരഞ്ഞെടുത്തവ | ഭരണാനുമതി നല്കിയവ | ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവർത്തി തുടങ്ങിയവ | പ്രവർത്തി പൂർത്തിയായവ | പൂർത്തിയാകാതെ അവശേഷിക്കുന്നവ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 35 | 35 | 35 | 34 | 1 |
| 2 | കൊല്ലം | 37 | 37 | 37 | 37 | 0 |
| 3 | പത്തനംതിട്ട | 25 | 25 | 25 | 25 | 0 |
| 4 | ആലപ്പുഴ | 31 | 31 | 31 | 31 | 0 |
| 5 | കോട്ടയം | 13 | 13 | 13 | 12 | 1 |
| 6 | ഇടുക്കി | 9 | 9 | 9 | 9 | 0 |
| 7 | എറണാകുളം | 41 | 41 | 41 | 41 | 0 |
| 8 | തൃശ്ശൂർ | 69 | 69 | 69 | 69 | 0 |
| 9 | പാലക്കാട് | 52 | 52 | 52 | 52 | 0 |
| 10 | മലപ്പുറം | 44 | 44 | 44 | 42 | 2 |
| 11 | കോഴിക്കോട് | 31 | 31 | 31 | 29 | 2 |
| 12 | വയനാട് | 6 | 6 | 6 | 6 | 0 |
| 13 | കണ്ണൂർ | 13 | 13 | 13 | 13 | 0 |
| 14 | കാസർഗോഡ് | 11 | 11 | 11 | 11 | 0 |
| ആകെ | | 417 | 417 | 417 | 411 | 6 |

| AMBEDKAR VILLAGES (2021-22) | | | | | |
|---|---|---|---|---|---|
| DISTRICT | Selected | Estimate submitted for Approval | Number of Administrative Sanction issued | Work completed | Balance |
| THIRUVANANTHAPURAM | 21 | 21 | 21 | 1 | 20 |
| KOLLAM | 13 | 13 | 13 | 0 | 13 |
| PATHANAMTHITTA | 8 | 8 | 8 | 2 | 6 |
| ALAPPUZHA | 11 | 11 | 11 | 1 | 10 |
| KOTTAYAM | 9 | 9 | 9 | 1 | 8 |

| | | | | | |
|---|---|---|---|---|---|
| IDUKKI | 7 | 7 | 7 | 0 | 7 |
| ERANAKULAM | 18 | 18 | 18 | 9 | 9 |
| THRISSUR | 21 | 21 | 21 | 7 | 14 |
| PALAKKAD | 22 | 22 | 22 | 14 | 8 |
| MALAPPURAM | 23 | 23 | 23 | 3 | 20 |
| KOZHIKODE | 15 | 15 | 15 | 6 | 9 |
| WAYANAD | 4 | 4 | 4 | 3 | 1 |
| KANNUR | 11 | 11 | 11 | 6 | 5 |
| KASARAGOD | 9 | 9 | 9 | 4 | 5 |
| Total | 192 | 192 | 192 | 57 | 135 |

| AMBEDKAR VILLAGES (2022-23) | | | | | |
|---|---|---|---|---|---|
| DISTRICT | Selected | Estimate submitted for Approval | Number of Administrative Sanction issued | Work completed | Balance |
| THIRUVANANTHAPURAM | 7 | 7 | 7 | 0 | 7 |
| KOLLAM | 7 | 5 | 4 | 1 | 6 |
| PATHANAMTHITTA | 3 | 3 | 3 | 1 | 2 |
| ALAPPUZHA | 5 | 5 | 3 | 1 | 4 |
| KOTTAYAM | 2 | 2 | 2 | 0 | 2 |

| | | | | | |
|---|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
| IDUKKI | 3 | 3 | 3 | 0 | 3 |
| ERANAKULAM | 7 | 2 | 2 | 0 | 7 |
| THRISSUR | 10 | 9 | 8 | 0 | 10 |
| PALAKKAD | 6 | 6 | 6 | 1 | 5 |
| MALAPPURAM | 3 | 3 | 3 | 0 | 3 |
| KOZHIKODE | 6 | 6 | 6 | 0 | 6 |
| WAYANAD | 2 | 2 | 2 | 0 | 2 |
| KANNUR | 2 | 2 | 2 | 0 | 2 |
| KASARAGOD | 2 | 1 | 1 | 0 | 2 |
| Total | 65 | 56 | 52 | 4 | 61 |

AMBEDKAR VILLAGES (2023-24)

| DISTRICT | Selected | Estimate submitted for Approval | Number of Administrative Sanction issued | Work completed | Balance |
|---|---|---|---|---|---|
| THIRUVANANTHAPURAM | 5 | 5 | 5 | 0 | 5 |
| KOLLAM | 7 | 1 | 1 | 0 | 7 |
| PATHANAMTHITTA | 3 | 3 | 3 | 0 | 3 |
| ALAPPUZHA | 4 | 2 | 1 | 0 | 4 |
| KOTTAYAM | 3 | 3 | 3 | 0 | 3 |

| | | | | | |
|---|---|---|---|---|---|
| IDUKKI | 4 | 1 | 1 | 0 | 4 |
| ERANAKULAM | 4 | 2 | 2 | 1 | 3 |
| THRISSUR | 9 | 8 | 7 | 0 | 9 |
| PALAKKAD | 9 | 7 | 7 | 0 | 9 |
| MALAPPURAM | 4 | 1 | 1 | 0 | 4 |
| KOZHIKODE | 3 | 1 | 1 | 0 | 3 |
| WAYANAD | 2 | 1 | 1 | 0 | 2 |
| KANNUR | 6 | 3 | 2 | 0 | 6 |
| KASARAGOD | 2 | 0 | 0 | 0 | 2 |
| **TOTAL** | 65 | 38 | 35 | 1 | 64 |

| AMBEDKAR VILLAGES (2024-25) | | | | | |
|---|---|---|---|---|---|
| **DISTRICT** | Selected | Estimate submitted for Approval | Number of Administrative Sanction issued | Work completed | Balance |
| THIRUVANANTHAPURAM | 9 | 0 | 0 | 0 | 9 |
| KOLLAM | 2 | 0 | 0 | 0 | 2 |
| PATHANAMTHITTA | 2 | 1 | 0 | 0 | 2 |
| ALAPPUZHA | 6 | 3 | 1 | 0 | 6 |

| | | | | | |
|---|---|---|---|---|---|
| KOTTAYAM | 1 | 0 | 0 | 0 | 1 |
| IDUKKI | 3 | 0 | 0 | 0 | 3 |
| ERANAKULAM | 6 | 1 | 0 | 0 | 6 |
| THRISSUR | 8 | 1 | 0 | 0 | 8 |
| PALAKKAD | 8 | 6 | 5 | 0 | 8 |
| MALAPPURAM | 5 | 0 | 0 | 0 | 5. |
| KOZHIKODE | 3 | 0 | 0 | 0 | 3 |
| WAYANAD | 1 | 0 | 0 | 0 | 1 |
| KANNUR | 5 | 0 | 0 | 0 | 5 |
| KASARAGOD | 1 | 0 | 0 | 0 | 1 |
| TOTAL | 61 | 12 | 6 | 0 | 61 |

അംബേദ്കർ ഗ്രാമ വികസന പദ്ധതി (2025-26)

| ക്രമ നമ്പർ | ജില്ലാ | തിരഞ്ഞെടുത്തവ | പ്രാഥമിക യോഗം ചേർന്നവ | എസ്റ്റിമേറ്റ് മോണിറ്ററിങ് കമ്മിറ്റി അംഗീകരിച്ചവ | ഭരണാനുമതി നല്കിയവ | പ്രവർത്തി പൂർത്തിയായവ | പൂർത്തിയാകാതെ അവശേഷിക്കുന്നവ |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 9 | 0 | 0 | 0 | 0 | 9 |
| 2 | കൊല്ലം | 6 | 0 | 0 | 0 | 0 | 6 |
| 3 | പത്തനംതിട്ട | 3 | 3 | 0 | 0 | 0 | 3 |
| 4 | ആലപ്പുഴ | 5 | 0 | 0 | 0 | 0 | 5 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | കോട്ടയം | 4 | 2 | 2 | 0 | 0 | 4 |
| 6 | ഇടുക്കി | 2 | 0 | 0 | 0 | 0 | 2 |
| 7 | എറണാകുളം | 6 | 3 | 0 | 0 | 0 | 6 |
| 8 | തൃശ്ശൂർ | 9 | 5 | 0 | 0 | 0 | 9 |
| 9 | പാലക്കാട് | 11 | 11 | 1 | 1 | 0 | 11 |
| 10 | മലപ്പുറം | 6 | 4 | 4 | 0 | 0 | 6 |
| 11 | കോഴിക്കോട് | 9 | 2 | 0 | 0 | 0 | 9 |
| 12 | വയനാട് | 1 | 0 | 0 | 0 | 0 | 1 |
| 13 | കണ്ണൂർ | 4 | 0 | 0 | 0 | 0 | 4 |
| 14 | കാസർഗോഡ് | 1 | 0 | 0 | 0 | 0 | 1 |
| ആകെ | | 76 | 30 | 7 | 1 | 0 | 76 |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 2

പട്ടികജാതി വികസന വകുപ്പ്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കായിക രംഗത്തെ വളർച്ചക്കായി പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിൽ ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നു. ഈ സ്കൂളിൽ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും സെലക്ഷൻ ട്രയൽസിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന 240 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനൊപ്പം കായികപരിശീലനവും നേടുന്നതിനുള്ള അവസരം വകുപ്പ് ഒരുക്കിയിട്ടുണ്ട്. അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്കാണ് ഈ സ്കൂളിൽ പ്രവേശനം നൽകുന്നത്. അഞ്ച്, ആറ് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പൊതുവായ കായിക പരിശീലനവും, ഏഴാം ക്ലാസ് മുതൽ വിദ്യാർത്ഥികളുടെ അഭിരുചിയുടെയും കായികമികവിന്റെയും അടിസ്ഥാനത്തിൽ Football, Athletics, Gymnastic, Judo, Wrestling എന്നീ കായിക ഇനങ്ങളിൽ വിദഗ്ധപരിശീലനവും ആണ് നൽകുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പ്

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് അസോസിയേഷൻ, ദേശീയ അന്തർദേശീയ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പട്ടികവർഗ്ഗ കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ കായിക മത്സരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അന്താരാഷ്ട്ര നിലവാരത്തിൽ മൈതാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കി ആയതിനുള്ള അനുമതി നൽകുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഇ.എം.ആർ.എസ്സുകളുടെ ദേശീയ കായിക മേളയിൽ വകുപ്പിനെ പ്രതിനിധീകരിച്ച് നിരവധി കായിക പ്രതിഭകൾ പങ്കെടുക്കുകയും 2025 വർഷത്തിൽ മികച്ച റിസൾട്ട് കരസ്ഥമാക്കിയിട്ടുള്ളതുമാണ്. ആയതിൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സഹകരണവും ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും കുട്ടികൾക്കായി സംഘടിപ്പിക്കുന്ന വാർഷിക കായികമേള (കളിക്കളം) നടത്തി വരുന്നുണ്ട്. ആയതിലൂടെ മികച്ച കായിക പ്രതിഭകൾ സംസ്ഥാന, ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയിട്ടുണ്ട്. കായിക രംഗത്തെ പ്രോത്സാഹനത്തിനായി വിവിധ പരിപാടികൾ നടത്തുകയും സ്കൂൾ/ഹോസ്റ്റൽ തലത്തിൽ പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനായി പ്രധാന കായിക മത്സരങ്ങൾ നടത്തുകയും ചെയ്ത് വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലും ഹോസ്റ്റലുകളിലും ആവശ്യമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക

ഉപകരണങ്ങൾ ലഭ്യമാക്കിയും മികച്ച പരിശീലനം നൽകിയും അവരെ കായിക രംഗത്ത് സജീവമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

കായികരംഗത്തെ ബഹുജന പങ്കാളിത്തവും രാജ്യത്തെ കായിക താരങ്ങളുടെ മികവ് പ്രോത്സാഹിപ്പിക്കലും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ വിവിധ സംസ്ഥാനങ്ങളിലെ പട്ടികവർഗ്ഗക്കാർക്കായി വിഭാവനം ചെയ്ത കായിക പദ്ധതിയാണ് "ഖേലോ ഇന്ത്യ". ഇതിന്റെ ഭാഗമായി ഇന്ത്യയിലെ ഗോത്ര ഗെയിംസുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2026 ഫെബ്രുവരി 14 മുതൽ ഛത്തീസ്ഗഡിൽ വെച്ച് വിവിധ സംസ്ഥാനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ് – KHELO INDIA TRIBAL GAMES (KITG) – 2026 ന്റെ ആദ്യ പതിപ്പ് സംഘടിപ്പിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കേരളത്തിൽ നിന്നും പട്ടികവർഗ്ഗക്കാരുടെ സജീവ സാന്നിധ്യം വകുപ്പ് ഉറപ്പു വരുത്തുന്നതാണ്. ഇതിലൂടെ കായികമേഖലയിൽ കഴിവുള്ള പട്ടികവർഗ്ഗക്കാർക്ക് അവരുടെ കഴിവ് തെളിയിക്കാൻ ഒരു വേദി ഉറപ്പു വരുത്താൻ സാധിക്കും. ആയതിന്റെ ഭാഗമായി സംസ്ഥാനതല സെലക്ഷൻ ട്രയൽ 2026 ജനുവരി 31 ന് തൃശ്ശൂരിൽ വെച്ച് നടത്തുന്നതിനായുള്ള ക്രമീകരണങ്ങൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ